ആലപ്പുഴയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

363 (2238) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനം പ്രമാണിച്ച് ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര സ്പെഷ്യൽ സർവ്വീസുകളാണ് ആരംഭിച്ചിട്ടുള്ളത് ; ഇതിന് പുതുതായി ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി പ്രസ്തുത ഡിപ്പോയിൽ എത്ര പ്രതിദിന ട്രിപ്പുകളാണ് റദ്ദു ചെയ്തിട്ടുള്ളത് ;

(സി) ട്രിപ്പുകൾ റദ്ദാക്കിയതുമൂലം ആലപ്പുഴ-തകഴി-തിരുവല്ല റൂട്ടുകളിൽ യാത്രാക്ലേശം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആലപ്പുഴനിന്നും രാത്രി 9.00 മണിക്ക് പമ്പയിലേക്ക് ഒരു സർവ്വീസ് തുടങ്ങിയിട്ടുണ്ട്. ഇതിനായി പുതിയ ബസ്സുകൾ അനുവദിച്ചിട്ടില്ല.

(ബി) ആലപ്പുഴയിൽനിന്നുമുള്ള പമ്പ സർവ്വീസ് ഉൾപ്പെടെ സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി 5 ബസ്സുകൾ മാറ്റിയപ്പോൾ 5 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

(സി&ഡി) ശബരിമല പ്രത്യേക സർവ്വീസിനുവേണ്ടി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് പിൻവലിച്ചിട്ടുള്ളത്. ആലപ്പുഴ-തകഴി-തിരുവല്ല റൂട്ടിൽ ഓർഡിനറി ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഓർഡിനറി ബസ്സുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ലാത്തതിനാൽ ടി റൂട്ടിൽ യാത്രാക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 1938, 1939, 1957, 1990, 1996, 2045, 2073, 2081, 2104, 2128, 2133 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly